(സി) തുടർച്ചയായ പ്രളയ ഭീഷണി നിലനിൽക്കുന്നതിനാൽ മണ്ഡലത്തിലെ പുഴയോരങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് കിഫ്ബി വഴി ജലവിഭവ വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ്, റിവർ മാനേജ്മെന്റ് ഫണ്ട് എന്നീ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ചാണ് പുഴയോരങ്ങളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാറുള്ളത്. കിഫ്ബി മുഖേനയുള്ള പ്രത്യേക പദ്ധതി നിർദ്ദേശങ്ങളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

കടൽഭിത്തികളും പുലിമുട്ടുകളും

172 (3878) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനാലും പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട് കിടക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി, പള്ളിപ്പുറം തുടങ്ങിയ കടലോര പഞ്ചായത്തുകൾ നേരിടുന്ന കടലാക്രമണഭീഷണിക്ക് പരിഹാരം കാണുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കടലിനാലും പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് വൈപ്പിൻ. വൈപ്പിൻ ദ്വീപിൽ 2020 സാമ്പത്തിക വർഷത്തിൽ എടവനക്കാട് അണിയിൽ ബീച്ചിൽ 377 ലക്ഷം രൂപയുടെ 4 പുലിമുട്ടുകളുടെ പ്രവൃത്തിയും, MLA-ADS-ൽ ഉൾപ്പെടുത്തി 82.50 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുള്ളതാണ്. 48 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിരുന്നുവെങ്കിലും ആരും ഏറ്റെടുക്കാത്തതിനാൽ റീ-ടെൻഡർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കടൽക്ഷോഭം തടയുന്നതിനായി വൈപ്പിൻ ദ്വീപിലെ എടവനക്കാട്, ഞാറയ്ക്കൽ, നായരമ്പലം, പള്ളിപ്പുറം എന്നിവിടങ്ങളിൽ ജിയോ ബാഗ് ഉപയോഗിച്ച് താല്ക്കാലിക സംരക്ഷണ ഭിത്തിയും നിർമ്മിച്ചിട്ടുണ്ട്.

(ബി) വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള 24 കി.മീ. വരുന്ന കടൽത്തീരത്ത് എവിടെയെല്ലാമാണ് കടൽഭിത്തികളും പുലിമുട്ടുകളും സ്ഥാപിക്കേണ്ടതെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

&

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രക്ഷമായ കടലാക്രമണഭീഷണി നേരിടുന്ന ഈ മേഖലകളിൽ കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കുന്നതിനായി എന്നത്തേയ്ക്ക് തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ പ്രദേശത്തിനനുയോജ്യമായ പുലിമുട്ടുകളും കടൽഭിത്തിയും നിർമ്മിക്കുന്നതിന് പ്രാഥമിക പഠനം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനനുസൃതമായി ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയതിനുശേഷം മാത്രമേ എത്ര തുക വരുമെന്ന് കണക്കാക്കാനാകുകയുള്ളൂ.

തൃശ്ശൂർ ജില്ലയിലെ തീരങ്ങളിലെ കടലാക്രമണം

173 (3879) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ശ്രക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളായ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ തീരങ്ങളിൽ കടലാക്രമണത്തെ തുടർന്ന് കടൽവെള്ളം കരയിലേയ്ക്ക് കവിഞ്ഞൊഴുകുന്നതിനാൽ ഒന്നോ രണ്ടോ കിലോമീറ്റർ ദൂരത്തേയ്ക്ക് വെള്ളം ഒഴുകി ആ പ്രദേശമാകെ ഉപ്പും ചെളിയും നിറയുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒഴുകിവരുന്ന കടൽജലം വീടുകളിലൂടെ ഒഴുകി വീട്ടുസാധനങ്ങൾ ഒലിച്ചുപോവുകയും സെപ്റ്റിക് ടാങ്കുകൾ, ജലസ്രോതസ്സുകൾ, വീട്ടുസാധനങ്ങൾ തുടങ്ങിയവ തകരാറിലാവുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇതിനെക്കുറിച്ച് പഠിക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടൽത്തീരത്തിന്റെ പ്രത്യേകതയനുസരിച്ച്, ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകൾ വരുന്ന കൊടുങ്ങല്ലൂർ പ്രദേശവും ഉൾപ്പെടുന്നു. ആയത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly